# പൗലോസെഴുതി - ഫാദർജി

പഴയനിയമകാലത്ത് സ്വർണ്ണക്കാളക്കുട്ടിക്ക് ചുറ്റും നൃത്തം ചവിട്ടുന്നതും ബാലിനെ വണങ്ങുന്നതും പരസ്യവിഗ്രഹാരാധന ആയിരുന്നു. ഒന്നാം നൂറ്റാണ്ടിൽ കൊരിന്ത്യസഭയ്ക്ക് സെന്റ് പോൾ കത്തെഴുതുമ്പോൾ അന്യദൈവാരാധന പരസ്യമായി നിലനിന്നിരുന്നു. അവയിൽനിന്നകലുവാൻ സെന്റ് പോൾ മുന്നറിയിപ്പു നൽകുന്നുണ്ടു:

പ്രിയൻമാരെ, വിഗ്രഹാരാധന വിട്ടോടുവിൻ

1 കൊരി. 10:14

ഇന്നും കൊട്ടിഘോഷിക്കുന്ന സത്യവിശ്വാസികളിലും സമർപ്പിതരിലും അധികംപേരും വിഗ്രഹാരാധകരാണ്. മനോഭാവങ്ങളിലും ചിന്തകളിലും പ്രതിഷ്ഠിച്ചിരിക്കുന്ന അന്യദൈവങ്ങളനവധിയാണ്. വിഗ്രഹാരാധനയുടെ ചാർജ്ജ് ഷീറ്റ് നിരത്തി ഹൈന്ദവ സഹോദരങ്ങളോടു ഉണർവ്വുപ്രസംഗം തകർക്കുമ്പോഴും സ്വന്തം അന്തരംഗത്തിലെ പ്രതിഷ്ഠകളും വിഗ്രഹങ്ങളുമെത്രയെന്ന് ആത്മപരിശോധന നടത്തുന്നുണ്ടോ ധ്യാനിക്കുന്ന ആത്മാവേ?

നമ്മുടെ ചിന്തയും ശ്രദ്ധയും ആഗ്രഹിക്കുന്നതെല്ലാം വിഗ്രഹങ്ങളാണ്.

ഉറങ്ങുന്നതിനു മുമ്പുള്ള അവസാനത്തെ ചിന്തയെന്തായിരുന്നു?

ഉണർന്നശേഷം ആദ്യത്തെ ചിന്തയെന്ത്?

ദിവസം മുഴുവൻ മനസ്സ് ഭ്രമണം ചെയ്യുന്ന സൂര്യചന്ദ്രന്മാരേതൊക്കെ?

കണ്ണും കാതും കാവലായ് കാക്കുന്ന നിധിയേത്?

മേൽപ്പടിയൊക്കെ വിഗ്രഹങ്ങളാണ്.

ആഗ്രഹസാക്ഷാൽക്കാരത്തിനായി സ്തുതിപൂജ നടത്തുന്ന വ്യക്തികളും പ്രസ്ഥാനങ്ങളും വിഗ്രഹങ്ങളാണ്.

ദൈവത്തേക്കാളധികമായി ഉന്നം വയ്ക്കുന്ന ലക്ഷ്യങ്ങളും അഭിലാഷങ്ങളും നമ്മെക്കൊണ്ടെത്തിക്കുന്നത് അന്യദൈവങ്ങളുടെ അടുത്താണ്. ദൈവത്തേക്കാളധികം  സ്നേഹിക്കുന്നതെല്ലാം അന്യദൈവങ്ങളും വിഗ്രഹങ്ങളുമാണ്.

ദൈനംദിന ജീവിതത്തിലെചിന്താവിഷയങ്ങളുടെലിസ്റ്റുണ്ടാക്കിയാൽ നാം ആരാധിക്കുന്ന അന്യദൈവങ്ങളെ പരിചയപ്പെടാം. ഇതിൽ സത്യദൈവത്തിന്റെ സ്ഥാനമെത്രാമത്തേതാണെന്നു ചിന്തിക്കണം. പ്രാർത്ഥനയ്ക്കും ആരാധനയയ്ക്കുമായി തിരുസന്നിധിയിൽ ഇരിക്കുന്ന  കുറഞ്ഞ സമയത്തുപോലും നമ്മുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും ഏതെല്ലാം വിഗ്രഹങ്ങളുടെ പിറകെയാണലയുന്നത്?

മനുഷ്യമനസ്സിലെ വിഗ്രഹങ്ങൾ ഒന്നുംരണ്ടുമല്ല, പത്തും പതിനായിരവുമല്ല. മനസ്സിന്റെ ബോധഅബോധതലങ്ങളിലെ കോവിലുകളിൽ പ്രതിഷ്ഠിച്ചിരിക്കുന്ന പരദൈവങ്ങൾ പത്തുപതിനാറായിരത്തെട്ടാണ്! സ്വപ്നങ്ങളിൽപ്പോലും മനസ്സ് ഈ ദൈവങ്ങളെ എഴുന്നള്ളിച്ചും കണ്ടു ഭയന്നോടിയുംതളരുകയാണ്.

അതുകൊണ്ട് സെന്റ് പോൾ പറഞ്ഞു. വിഗ്രഹാരാധനവിട്ടോടുവിൻ.

മനസ്സിലെ അസുരദൈവങ്ങൾക്ക് പേരനവധിയാണ്.

അതിലേറ്റവും ശക്തനും നിഷേധിയും 'ഞാൻ ദൈവമാണ്'. മനുഷ്യരേയും ദൈവത്തേയും വെല്ലുവിളിക്കുന്ന 'സ്വയ്'മെന്ന എതിർദൈവം കാട്ടുകഴുതയെപ്പോലെ മെരുങ്ങാത്തതും ആർക്കും കീഴടങ്ങാത്തതുമാണ്. മഹാധിക്കാരിയുമാണ്.

മനസ്സിനകത്ത് പിന്നേയുമുണ്ട് ആരാധനാമൂർത്തികൾ:

സമ്പാദ്യം, ഔദ്യോഗിക പദവി, കുടുംബം, ജീവിതസഖി, മക്കൾ, കഴിവുകൾ, സ്ഥാനമോഹങ്ങൾ, വ്യക്തിപൂജ...

ഭയപ്പെടുത്തുന്ന ഭീകരൻ ദൈവങ്ങളുമുണ്ട്:

രോഗം,ആകാംഷ, ശത്രുയഭയം, പ്രതികാരം, നാളെയെപ്പറ്റിയും മരണത്തെപ്പറ്റിയുമുള്ള ചിന്ത....

ലഹരിദൈവങ്ങളുമുണ്ട് :

ചിലരുടെ  നിത്യോപാസനാ ദൈവങ്ങൾ ലഹരിയും, ലൈംഗികവൈകൃതങ്ങളുമാണ്. എപ്പോഴും അവരുടെ മനസ്സും ശരീരവും ഈ ദൈവങ്ങളുടെ സേവനത്തിലാണ്. തന്റെ ആരാധകരെ കുറഞ്ഞകാലത്തിനുള്ളിൽ മരണദേവനു ബലികൊടുക്കുന്ന ക്രൂരദേവന്മാരാണ് ലഹരിയും  വൈകൃതങ്ങളും.

സെന്റ് പോൾ പറയുന്നു: വിഗ്രഹാരാധന വിട്ടോടുവിൻ.

മനസ്സിൽ വിഗ്രഹങ്ങളില്ലാത്ത മനുഷ്യരുണ്ടോ?

ഉണ്ടല്ലോ. വിവേകികളും ജ്ഞാനികളുമല്ലാത്ത ഈ ചെറിയവരിൽ കുറച്ചുപേരുണ്ട്. മോഹക്കൊട്ടാരങ്ങൾ കെട്ടിപ്പൊക്കാനും അതിൽ വിലപിടിപ്പുള്ള ആരാധനാ മൂർത്തികളെ പ്രതിഷ്ഠിക്കാനുമൊന്നും അവർ ശക്തരും സമ്പന്നരുമല്ല. ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന, ദൈവം മാനിക്കുന്ന ആ യഥാർത്ഥ ആരാധകർക്കും പ്രതിസന്ധികളും പ്രലോഭനങ്ങളുമേറെയാണ്.

എന്താണത്?

ആത്മീയത്തിലെ ആൾദൈവങ്ങൾ ഏദൻപാമ്പിനെപ്പോലെ സ്വാർത്ഥലാഭത്തിനു വേണ്ടി പാവം വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുകയും ദൈവത്തിൽനിന്നകറ്റുകയും ഞാനാണ് ദൈവമെന്ന് അവകാശപ്പെടുകയും ചെയ്യുന്നു.

മിസ്റ്റർ ഏദൻപാമ്പുപോലും അത്രയും ക്രൂരതകാട്ടിയില്ലെന്നോർക്കണം.

ഒരുസംശയം, മനസ്സിലെ വിഗ്രഹങ്ങൾ കൊണ്ടെന്താണു പ്രശ്നം?

പുറമെയുള്ള അന്യദൈവങ്ങളെക്കാൾ അപകടകാരികളാണ് അന്തരംഗത്തിലെ നിഗൂഢദൈവങ്ങൾ. അവർ നമ്മുടെ സ്വസ്തത നശിപ്പിക്കും. മനസ്സിൽ വാഴുന്ന ഭൗതികമോഹിയായ അധർമ്മമൂർത്തി കണ്ണുകെട്ടി കാറ്റിനെപ്പിടിക്കാൻ ഓടിപ്പിക്കും. ഭീകരപ്രവർത്തനങ്ങളും കൊല്ലും കൊലയും പ്രതികാരദാഹവും ഉണർത്തുന്നതും മനസ്സിലെ രക്തദാഹിയായ പൈശാചിക ദൈവങ്ങളാണ്. ദൈവത്തിൽ നിന്ന് മനുഷ്യനെ അകറ്റുകയാണ് മനസ്സിലെ അന്യദൈവങ്ങളുടെ മുഖ്യ അജണ്ട.

അതുകൊണ്ട് കൽപ്പലകകളിൽ ശുദ്ധാക്ഷരമായി ദൈവമെഴുതി:

അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്.

ക്രിസ്തു മുന്നറിയിപ്പു നൽകി:

ദൈവത്തേക്കാളധികം സ്നേഹിക്കുന്നതൊക്കെ അന്യദൈവങ്ങളാണ്. അതൊക്കെ നിനക്ക് നഷ്ടമാകും. നിന്റെ നിക്ഷേപമുള്ളിടത്ത് നിന്റെ മനസ്സുമിരിക്കും.

പൗലോസെഴുതി:

വിഗ്രഹാരാധനവിട്ടോടുവിൻ

പത്തും മുപ്പതും അറുപതും വർഷങ്ങളായി മനസ്സിൽ കുടിയിരുത്തിയിരിക്കുന്ന മിഥ്യാമൂർത്തികളെ ഒഴിപ്പിക്കൽ അത്ര എളുപ്പമാണോ?

അല്ല. പക്ഷേ വിഗ്രഹഭജ്ഞകനും ചിന്താതലങ്ങളിൽ അഗ്നിശുദ്ധിവരുത്തുന്നവനുമായ സർവ്വശക്തന് നിഷ്പ്രയാസമാണത്.

യഹോവ ഭൂമിയെ നടുക്കുവാൻ എഴുന്നേൽക്കുമ്പോൾ അവന്റെ ഭയങ്കരത്വം നിമിത്തവും അവന്റെ മഹിമയുടെ പ്രഭനിമിത്തവും പാറകളുടെ ഗഹ്വരങ്ങളിലും പൊട്ടിയപാറകളുടെ വിള്ളലുകളിലും കടക്കേണ്ടതിനു തങ്ങൾ നമസ്ക്കരിപ്പാൻ വെള്ളികൊണ്ടും പൊന്നുകൊണ്ടും ഉണ്ടാക്കിയ മിഥ്യാമൂർത്തികളെ മനുഷ്യൻ ആ നാളുകളിൽ തുരപ്പനെലിക്കും നരച്ചീറിനും എറിഞ്ഞുകളയും. മൂക്കിൽ ശ്വാസമുള്ള മനുഷ്യനെ വിട്ടൊഴുവിൽ അവനെ എന്തുവിലമതിപ്പാനുള്ളു?

യെശ. 2:20-22

മിഥ്യാമൂർത്തികളെ മനസ്സിന്റെ കോവിലിൽ നിന്നും വലിച്ചെറിയാനുള്ള കൃപയും ശക്തിയും ധീരതയും ലഭിക്കുവാൻ യഹോവ എഴുന്നേറ്റ് നിന്റെ  ഹൃദയത്തിലേക്കു വരണം.

വിശ്വാസി കോസ്റ്റ്യൂമും അംഗവസ്ത്രങ്ങളുമണിണ്ട

ആഡംബരമോടി വരുത്തിയ പ്രിയ ആത്മമിത്രമേ, നിന്റെ ഉള്ളിന്റെ ഉള്ളിലത്ര വിഗ്രഹങ്ങളും മിഥ്യാമൂർത്തികളുമുണ്ട്?

അവരുണ്ടാക്കുന്ന പ്രതിസന്ധികളും സംഘർഷങ്ങളും എന്തൊക്കെയാണ്?

നിന്റെ ആന്തരീയസമാധാനവും ശാന്തിയും വികലമാകുന്നത് മനസ്സിനകത്ത് പ്രതിഷ്ഠിച്ചിരിക്കുന്ന മിഥ്യാമൂർത്തികൾ മൂലമാണെന്ന് നീ തിരിച്ചറിയുന്നണ്ടോ? ദാമ്പത്യത്തിലെ അസ്വസ്തതയ്ക്കും വ്യക്തിബന്ധങ്ങളിലെ അപശ്രുതിക്കും പിന്നിലെ പ്രതി അകത്തെ അധർമ്മമൂർത്തിയാണെന്നറിയാമോ?

വിഗ്രഹങ്ങളെ വിട്ടോടി വിശ്വാസികളുടെ പിതാവായ അബ്രഹാം പിതാവിനെപ്പോലെ ഈ 2008-ൽ ശുദ്ധീകരണത്തിന് നസറായനു ഹൃദയം തുറന്നുകൊടുക്കാമോ?

മേശകളെ മറിച്ചിട്ട്, പീഠങ്ങളെ തെറിപ്പിച്ച് നിമിഷാർദ്ധംകൊണ്ടവൻ ശുദ്ധീകരണവും പുനഃപ്രതിഷ്ഠയും  നടത്തും.

ക്രിസ്തുവേ,

പരിഭൂതമായൊരു ഹൃദയം എനിക്കു തരേണമെ

പാവനാത്മാവിനെ എന്നിൽ സ്ഥിരപ്പെടുത്തേണമെ.

അവിടുത്തെ ദിവ്യസന്തോഷവും സമാധാനവും എന്നിൽ പുനസ്ഥാപിക്കേണമെ....